## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4889** **01-07-2013 ൽ മറുപടിക്ക്**

**ചിറ്റൂർ പഞ്ചസാര ഫാക്ടറിയുടെ പുനരുദ്ധാരണം**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ.വി. ചെന്താമരാക്ഷൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

(എ) ചിറ്റൂർ പഞ്ചസാര ഫാക്ടറിയുടെ പുനരുദ്ധാരണം നടത്തുന്നതിനും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം ഉല്പാദിപ്പിക്കാനുള്ള സാധ്യത പരിശോധിക്കാനും നിയോഗിക്കപ്പെട്ട മൂന്നംഗ സമിതിയുടെ റിപ്പോർട്ടിന്മേൽ സർക്കാർ എടുത്ത തീരുമാനം വിശദമാക്കാമോ;

(എ) സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ, 27-03-2008-ലെ ജി.ഒ.(എം.എസ്) നം.65/ 2008/റ്റിഡി. ഉത്തരവ് പ്രകാരം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

1. ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം ഉല്പാദിപ്പിക്കാനായി ചിറ്റൂരിൽ ഒരു കമ്പനി രൂപീകരിക്കുക.
2. ചിക്കോപ്പ്, TSCL എന്നിവയെ KSBC-യുടെ ഉല്പാദന സ്ഥാപനങ്ങളാക്കി, എക്സൈസ് വകുപ്പിൻ കീഴിൽ പ്രവർത്തിപ്പിക്കുക.
3. ചിക്കോപ്പിന്റെ ബാദ്ധ്യതയായ 20.50 കോടി രൂപ സർക്കാർ ഏറ്റെടുക്കുന്നതാണ്.
4. ചിക്കോപ്പ് സർക്കാരിനു നൽകുവാനുള്ള ബാദ്ധ്യത കുടിശ്ശികയായ 20.38 കോടി രൂപ എഴുതിത്തള്ളുന്നതാണ്.
5. KSBC-യുടെ മാനേജിംഗ് ഡയറക്ടറും, ഭരണ സമിതി അംഗങ്ങളും ആയിരിക്കണം, ചിറ്റൂരിൽ പുതുതായി രൂപീകരിക്കുന്ന കമ്പനിയുടെയും, TSCL-ന്റെയും മാനേജിംഗ് ഡയറക്ടറും, ഭരണ സമിതി അംഗങ്ങളും.
6. ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം ഉല്പാദനം തുടങ്ങുന്നതിലേക്കുള്ള പദ്ധതി ചെലവുകൾ ടി രണ്ടു കമ്പനികളും വഹിക്കേണ്ടതാണ്.

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 27-03-2008-ലെ ജി.ഒ.(എം.എസ്) നം.65/ 2008/റ്റിഡി. ഉത്തരവ് പ്രകാരം, ചിക്കോപ്പിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി, ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ഉല്പാദനം മുഖ്യ ലക്ഷ്യമായി മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്ന പുതിയ കമ്പനി രൂപീകരിച്ചു. ചിക്കോപ്പിന്റെ ഭൂമി, കെട്ടിടങ്ങൾ മുതലായ ആസ്തിയും, ജീവനക്കാരെയും പുതിയ കമ്പനിയിലേക്ക് ഏറ്റെടുത്തു. ശമ്പളം നൽകാൻ സാമ്പത്തികം പരിമിതമായതിനാൽ, കുറെ ജീവനക്കാരെ KSBC-യിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ചു. വിദേശ മദ്യ ഉല്പാദനത്തിനായി പ്ലാന്റ് സ്ഥാപിക്കുന്നതിന് KITCO സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

ചിക്കോപ്പിന്റെ ബാദ്ധ്യതയിൽ സർക്കാർ സ്ഥാപനങ്ങൾക്ക് ഒഴികെയുള്ള തുക നൽകുന്നതിന് സർക്കാരിന്റെ കണ്ടിൻജൻസി ഫണ്ടിൽ നിന്നും ലഭ്യമാക്കിയ 1001.71 ലക്ഷം രൂപ വിനിയോഗിച്ച്, തൊഴിലാളികളുടെ ശമ്പള കുടിശ്ശികയുടെ 25%-വും, ബാദ്ധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതും അവകാശം ഉന്നയിച്ചതുമായ എല്ലാ വിധ കുടിശ്ശികകളും തീർത്തിട്ടുണ്ട്. സർക്കാർ നിർദ്ദേശാനുസരണം KSBC ലഭ്യമാക്കിയ 4 കോടി ഉപയോഗിച്ച്, പാലക്കാട് ജില്ലാ സഹകരണ ബാങ്കിനുള്ള കടവും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർത്തിട്ടുണ്ട്.

(സി) സംസ്ഥാനത്തിനാവശ്യമായ മദ്യത്തിന്റെ എത്ര ശതമാനം ഇവിടെ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(സി) ഉല്പാദനം തുടങ്ങിയ ശേഷം, ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ